നമ്പർ : 90/2018

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും സഹപട്ടക്കാരും ദേശത്തുപട്ടക്കാരും പള്ളിക്കൈസ്ഥാനികളും സൺഡേസ്കൂൾ പ്രവർത്തകരും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരേ,

നമ്മുടെ കർത്താവിന്റെ ബാല്യകാല വളർച്ചയെക്കുറിച്ച് വി. ലൂക്കോസ് ഏവൻഗേലിസ്താ പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്: 'യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും മുതിർന്നുവന്നു' (വി. ലൂക്കോസ് 2:52). പ. സഭയിലെ ഓരോ ശിശുവും ഈ രീതിയിൽ വളർന്നുവരണം എന്നാണ് നമ്മുടെ ആഗ്രഹം. കുടുംബവും സൺഡേസ്കൂൾ പ്രസ്ഥാനവുമാണ് അതിനു കുഞ്ഞുങ്ങളെ സഹായിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങൾ. പുതിയ തലമുറയെ ദൈവവുമായും സഭയുമായും ബന്ധപ്പെടുത്തി നിർത്തുവാനായി എല്ലാ ഇടവകകളിലും സൺഡേസ്കൂൾ പ്രസ്ഥാനത്തിനു പ്രഥമ പരിഗണന നൽകണം.

ഈ വർഷം മെയ് മാസം 13-ാം തീയതി സൺഡേസ്കൂൾ ദിനമായി ആചരിക്കണം. അന്ന് നമ്മുടെ എല്ലാ പള്ളികളിലും സൺഡേസ്കൂൾപ്രസ്ഥാനത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും സൺഡേസ്കൂൾ കേന്ദ്രനിർദ്ദേശമനുസരിച്ചുള്ള പരിപാടികൾ ക്രമീകരിക്കുകയും ചെയ്യണം. അന്നത്തെ കാണിക്ക പ്രസ്ഥാനത്തിനു നൽകുകയും എല്ലാ ഭവനങ്ങളിലും സൺഡേസ്കൂൾദിന കവറുകൾ എത്തിച്ചുകൊടുക്കുകയും വേണം. അന്ന് വി. കുർബാന ഇല്ലാത്ത പള്ളികളിൽ അതിനടുത്ത കുർബാന ഉള്ള ഞായറാഴ്ചത്തെ കാണിക്ക നൽകണം. പള്ളികളിൽ അന്നു ലഭിക്കുന്ന കാണിക്ക പൂർണമായും സൺഡേസ്കൂൾ കേന്ദ്രഓഫീസിലേക്ക് അയച്ചുകൊടുക്കുന്നുണ്ട് എന്നും എല്ലാ ഭവനങ്ങളും കവർപിരിവിൽ സഹകരിക്കുന്നു എന്നും സൺഡേസ്കൂൾ പ്രവർത്തകർ ഉറപ്പുവരുത്തണം. സൺഡേസ്കൂൾ ദിനത്തിൽ സമാഹരിക്കുന്ന ഈ തുകയിൽനിന്നാണ് സൺഡേസ്കൂൾ ഡിസ്ട്രിക്റ്റ്, ഭദ്രാസന, കേന്ദ്രതലങ്ങളിലുള്ള ചെലവുകൾ നടക്കേണ്ടത് എന്നത് ഏവർക്കും അറിവുള്ളതാണല്ലോ.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2018 ഏപ്രിൽ മാസം 13 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.